# പുകയത്തുവച്ച തുരുത്തി (Wineskin in the smoke)

" ഞാൻ കഷ്ടത്തിൽ ഇരിക്കയാൽ വേഗത്തിൽ എനിക്ക് ഉത്തരമരുളേണമേ".

(സങ്കീ : 69:17)

" ഞാൻ ഏറ്റവും വിഷാദിച്ചിരിക്കുന്നു...................................... ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നു നോക്കി, ആരെയും കണ്ടില്ലതാനും". (സങ്കീ : 69:20)

" എപ്പോൾ നി എന്നെ ആശ്വസിപ്പിക്കും എന്നു വച്ച് എന്റെ കണ്ണ് നിന്റെ വാഗ്ദാനം കാത്ത് ക്ഷീണിക്കുന്നു, പുകയത്തു വച്ച തുരുത്തി പോലെ ഞാൻ ആകുന്നു., എങ്കിലും നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല." (സങ്കീ : 119:82-83)

ഇപ്രകാരം പുകയത്തു വച്ച തുരുത്തി പോലെ ആകുന്ന മനുഷ്യന്റെ അവസ്ഥയെ ഷ്പറ്റി ഇയ്യോബിന്റെ വാക്കുകളിൽ നിന്നും മനസ്സിലാകുന്നു. " എന്റെ ത്വക്ക് കറുത്ത് പൊളിഞ്ഞു വീഴുന്നു, എന്റെ അസ്ഥി ഉഷ്ണം കൊണ്ട് കരിഞ്ഞിരിക്കുന്നു". ഇയ്യോബ് (30:30)

ഇത് വായിക്കുന്ന നിങ്ങൾ കേട്ടിട്ടുള്ളതാണെങ്കിലും സാധുസുന്ദർസിംഗിന്റെ ജീവിതത്തിലെ ഒരനുഭവം ഒന്നിച്ച് നമുക്ക് ചിന്തിക്കാം. പുകയത്തു വച്ച തുരുത്തിയെയും എന്നിട്ടും കല്പന വിട്ടുമാറാത്ത ആ തുരുത്തിയെ സംരക്ഷിക്കുന്ന ഒരു ആശ്വാസദായകനെയും സ്വന്ത ജീവിതത്തിൽ കണ്ടെത്തിയ 'സാധു' നമുക്ക് ഒരു ഉത്തമ ഉദാഹരണം തന്നെയാണ്. ക്രിസ്തുമതം സ്വീകരിച്ച സാധുവിനെ വീട്ടുകാർ വെറുത്തു. പിതാവ് അദ്ദേഹത്തെ ഇറക്കിവിടുമെന്ന് പ്രഖ്യാപിച്ചു. ഇറക്കി വിടുന്നതിനു മുൻപ് ആഹാരം നൽകി സഹായിച്ച ബന്ധുക്കൾ ഭക്ഷണത്തിൽ വിഷം കലർത്തിയിരുന്നു. ഭക്ഷണം കഴിച്ച് വീടുവിട്ടിറങ്ങിയ അദ്ദേഹം ഒരു ദൈവദാസന്റെ സഹായം തേടി. പരിചയമുള്ള ആ ദൈവദാസൻ അദ്ദേഹത്തെ സ്വീകരിച്ചു. എന്നാൽ വിഷം ഉണ്ടാക്കിയ അസ്വസ്ഥത അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചു. വിഷത്തിന്റെ ശക്തിയിൽ അവൻ മരിക്കും എന്ന് ഉറപ്പിച്ച ഡോക്ടർ അദ്ദേഹത്തിന് മരുന്ന് നൽകിയില്ല. മരിക്കും എന്നുറപ്പുള്ളവന് മരുന്നു നൽകി ജനം പ്രക്ഷുബ്ദരാക്കേണ്ട എന്ന് നിരീശ്വരവാദിയായ ഡോക്ടർ നിശ്ചയിച്ചു. എന്നാൽ പുകയത്തിരുന്ന ഈ തുരുത്തിയെ യഹോവ കൈവിട്ടില്ല. രക്ഷകൻ അദ്ദേഹത്തിന് വിടുതൽ നൽകി രക്ഷിച്ചു. അടുത്ത പ്രഭാതത്തിൽ ആശുപത്രിയിലെത്തിയ നിരീശ്വരവാദിയായ ഡോക്ടർ കണ്ടത് പുറത്ത് വെയിലു കായുന്ന സാധുവിനെയാണ്, അത്ഭുതത്തോടെ തന്നെ നോക്കിയ നിരീശ്വരവാദിയോട് മർക്കോസ് (16:16) വായിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ സന്ദേശം ഡോക്ടറെ ഒരു വിശ്വാസിയാക്കി മാറ്റി.

പണ്ട് യഹൂദന്മാർ വെള്ളവും വീഞ്ഞും യാത്രയിൽ കരുതിയിരുന്നത് തോൽ സഞ്ചികളിലായിരുന്നു. ഉപയോഗം കഴിഞ്ഞും ഈ സഞ്ചി അവർ പുകയത്തു തന്നെ സൂക്ഷിച്ചിരുന്നു. പുകയത്തു വച്ച തുരുത്തിയുടെ ഭംഗി, നിറം, പുഷ്ടി

എല്ലാം നഷ്ടമാകുന്നു. കഷ്ടതയിൽ നമ്മെ വെറുമയാക്കിയ ശേഷമാണ് ദൈവം ഉപയോഗിപ്പാൻ ആഗ്രഹിക്കുന്നത്. കഷ്ടതയിലൂടെ കടക്കുന്ന വിശ്വാസി തീച്ചുള യുടെ ചൂട് അനുഭവിക്കുന്നു. അഗ്നിശോധനയിലൂടെ കടക്കുമ്പോൾ വിശ്വാസദൃ ഢത കാത്തു സൂക്ഷിച്ച എബ്രായബാലന്മാരെപ്പോലെ നമുക്കും ആകുവാൻ കഴിയേ ണമേ എന്ന് പ്രാർത്ഥിക്കാം. (ദാനി : 3: 24, 25) പ്രമാണത്തിനു വേണ്ടി നിന്നവരുടെ അനുഭവമാണിത്. കൈകാലുകൾ കെട്ടുമ്പോഴും, തീയിലേക്ക് എറിയും വരെ യഹോവ ഉരിയാടിയില്ല. യഹോവയെ തള്ളിപ്പറയുവാൻ അവർക്കും സ്വാതന്ത്ര്യമു ണ്ടായിരുന്നു.

പ്രതിസന്ധികൾ അഗ്നിനാളങ്ങളായി നമ്മെ ചുറ്റി വളയുമ്പോൾ, നമ്മുടെ വിശ്വാസവും വിശ്വസ്തതയുമാണ് ദൈവത്തെ തീയുടെ നടുവിലേക്ക് ഇറക്കുന്നത്, രാജാവിന് സംഭ്രമം ഉണ്ടായി. അതാ കെട്ടിയിട്ടവർ കെട്ടഴിഞ്ഞ് നടക്കുന്നു. മറ്റൊ രാൾ കൂടി അവരോടൊപ്പമുണ്ട്. രാജാവ് സംഭ്രമമുള്ളവനായി പക്ഷേ അവർ തീയ്ക്കകത്തായിട്ടും ശത്രു ചൂളയുടെ ചൂട് കൂട്ടിയിട്ടും തൊലി പൊളിയാതെ അസ്ഥികരിയാതെ, ശോഭയോടെ പുറത്തുവന്നു. നാമാകുന്ന തുരുത്തിയെയും ഇപ്രകാരമവൻ സംരക്ഷിക്കുന്നു.

## <u>വചനത്തിൽ 4 തരത്തിലുള്ള തുരുത്തികൾ</u>

**(1) വെള്ളത്തുരുത്തി - ഉല്പ : (21 : 14-15)**

(21 : 17-20 a).

അബ്രഹാം ഹാഗറിനും, ബാലനും നൽകിയ തുരുത്തിയിലെ വെള്ളം തീർന്നു. മരു ഭൂമിയിലായവൾ, വെള്ളം തീർന്നിട്ടും തുരത്തികളഞ്ഞില്ല. നിറയ്ക്കുവാൻ കഴിയുന്ന ഒരു ദൈവം ഉണ്ടെന്ന് , ശൂരിനു പോകുന്ന വഴിയിൽ തന്റെ പേർ വിളിച്ചത്, അവൾ ഓർത്തു എന്ന് വചനത്തിൽ കാണുന്നില്ല. എന്നാൽ അന്ന് അവൾ പറഞ്ഞ ഒരു വാചകം നമുക്ക് പറയാം.

“ എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ”. വെള്ളം തീർന്നതിനാൽ മരണം നടക്കുമെന്ന് കരുതി എങ്കിലും, ഉറവ തുറക്കുന്നവൻ തന്നെ കാണും എന്ന് അവൾ നിശ്ചയമായും ചിന്തിച്ചു കാണും. അതായിരിക്കാം തുരുത്തി നഷ്ടമാകാ ഞ്ഞത്. ഇപ്പോൾ അവൾ ശരിക്കും പുകയത്തുവച്ച തുരുത്തി ആണ്.

എന്നാൽ അവളുടെ കണ്ണു തുറന്ന ദൈവം തുരുത്തി നിറയ്ക്കുവാനുള്ള ഉറ വകാട്ടിക്കൊടുത്തു. ബാലനെ താങ്ങി ഇരുത്തി തുരുത്തിയിലെ വെള്ളം കൊടു ത്താൽ ജീവൻ ലഭിക്കും. മരണം നീങ്ങി ജീവനിലാക്കും, ഇന്ന് ഉറവയുണ്ട്, പക്ഷേ ആരുടെയും കണ്ണ് തുറന്ന് അത് കാണുവാൻ താല്പര്യം പ്രകടമാക്കുന്നില്ല. കണ്ണ് തുറന്നവർ തുരുത്തിയിൽ വെള്ളം കോരി എടുക്കുകയും, കൊടുക്കുകയും ചെയ്യാ മെന്നുവച്ചാൽ കുടിക്കുവാൻ അവർ തയാറാകുന്നില്ല.

## തുരുത്തിയിൽ ജലം നിറയ്ക്കുന്നവനുള്ള പ്രയോജനങ്ങൾ

1. വിശ്വാസത്തോടെ, ദാഹത്തോടെ ജീവന്റെ ഉറവയിൽ നിന്ന് വെള്ളം നിറയ്ക്കുന്നവന് അനേകരിലേക്ക് അത് (പരിശുദ്ധത്മാവിനെ) ഒഴുക്കുവാനും കഴിയുന്നു.------- യോഹ : (7 : 38-39)

2. ഈ ഉറവ വറ്റാത്തതത്രെ------- വെളി : (7 : 17), കുഞ്ഞാട് അവരെ ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുന്നു. മുട്ടുവരാതെ സൂക്ഷിച്ച് നടത്തുന്ന ദൈവം അവരുടെ കണ്ണിലെ കണ്ണുനീരിനെ മാറ്റുന്നു.

3. ജീവിതം ഫലഭൂയിഷ്ഠമാകുന്നു----- വെളി (22 : 1, 2), ദൈവത്തിന്റെയും, കുഞ്ഞാടിന്റെയും സിംഹസനത്തിൽ നിന്ന് പുറപ്പെടുന്ന ജീവജലനദിയുടെ ഇരുകരയിലും പന്ത്രണ്ടുമാസവും പന്ത്രണ്ടു വിധ ഫലം പുറപ്പെടുവിക്കുന്ന ജീവവൃക്ഷങ്ങൾ കാണാം. അതിന്റെ ഇല രോഗശാന്തിയ്ക്ക് ഉതകുന്നു. പുകയത്തിരുന്ന ഏത് തുരുത്തിയേയും ഫലമുള്ളതാക്കുന്നതാണ് ഈ ഉറവ.

## (2) എണ്ണത്തുരുത്തി (1 രാജ : 17 : 12)

തുരുത്തിയിൽ അല്പം എണ്ണ സൂക്ഷിച്ച ഒരു സഹോദരി, അതും ഒരു പിടി മാവും തീർന്നാൽ മരിക്കണം എന്ന് തീരുമാനിച്ചു. എണ്ണ തീർന്നാൽ മരണം. ഇതാണ് ഈ തുരുത്തിയുടെ അവസ്ഥ. ഇന്നുവരെ എണ്ണ കുറയാത്തതിനാൽ മരണത്തെപ്പറ്റി അവൾ ചിന്തിച്ചിട്ടില്ല. അന്ന് എണ്ണ കണ്ടെത്തി നൽകുവാൻ അവൾക്ക് ആൾ ഉണ്ട്. ഇന്ന് അവൾ വിധവയാണ് കൂടാതെ സഹായികളും കൈവിട്ടു അതാണ് നെഗറ്റീവ് ചിന്ത അവളിലുണ്ടായത്.

ഈ സമയത്താണ് ദൈവം ഇടപെടുന്നത്. ആരും സഹായത്തിനില്ലാതെ വരുമ്പോൾ ദൈവം അവളുടെ അടുക്കലേക്ക് ഒരാളെ അയ്ക്കുകയും അദ്ദേഹത്തെ അനുസരിപ്പാൻ അവളുടെ ഉള്ളം ഒരുക്കുകയും ചെയ്തു. ഉഴൽചകളെ എണ്ണുന്ന ദൈവം തുരുത്തിയിൽ എണ്ണ തീരാതെ സൂക്ഷിക്കുകമാത്രമല്ല, പുതിയ പല പാഠങ്ങളും അവളെ പഠിപ്പിക്കുകയും, നഷ്ടമായതിനെ എല്ലാം മടക്കി നൽകുകയും ചെയ്തു. (1രാജ : 17 :12, 22-24) നല്ലപാഠങ്ങൾ പഠിപ്പിക്കുവാൻ ദൈവം അയച്ച പ്രവാചകന് നന്ദി പറഞ്ഞതോടൊപ്പം, ദൈവ വചനം ശക്തമെന്നും അവൾ മനസ്സിലാക്കി.
നാം പാഠങ്ങൾ പഠിപ്പിക്കുവാൻ അനുസരണ മനോഭാവം കാട്ടുമോ? എണ്ണ നിറയ്ക്കുവാൻ (പരിശുദ്ധാത്മ നിറവു ലഭിപ്പാൻ) യഹോവയോട് ചോദിക്കുന്നവരാകുക.

## (3) കണ്ണുനീർതുരുത്തി - സങ്കീ : (56 : 8)

" എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിലാക്കി വെക്കേണമേ" എന്നത് ഫെലിസ്ത്യരാൽ ഗത്തിൽ വച്ച് പിടിക്കപ്പെട്ടപ്പോൾ ദാവീദ് രചിച്ച സങ്കീർത്തനത്തിലെ വരികളാണ്.

വിലയേറിയ വീഞ്ഞ് തുരുത്തിയിൽ സൂക്ഷിക്കുന്നതു പോലെ അവൻ നമ്മുടെ കണ്ണുനീർ ശേഖരിച്ച് വയ്ക്കുന്നു ഇത് റോമാക്കാരുടെ ഇടയിലുള്ള ഒരു പതിവാണ് ഒരു തുണികൊണ്ട് കണ്ണുനീർ ഒപ്പിയെടുത്ത് അത് ശേഖരിക്കുന്ന ഒരു പതിവ് അവർക്കുണ്ട്. ശത്രുവിന്റെ കൈകളിലായ ദാവീദിന് ഈ തുകൽ സഞ്ചി കൂടെയില്ലാത്തതിനാൽ, തന്റെ കണ്ണുനീർ തുരുത്തിയിൽ ശേഖരിക്കേണമേ എന്ന പ്രാർത്ഥനയാണ് ഇവിടെ കാണുന്നത്. നമ്മുടെ ദുഃഖത്തിന്റെ ആഴം അറിയുന്ന പിതാവ് നിശ്ചയമായും കണ്ണുനീരിനെ മറികടക്കുന്നില്ല. അവൻ ആശ്വാസവുമായി വേഗം ചാരെ എത്തുന്നു.

## (4). വീഞ്ഞ് തുരുത്തി - മത്തായി (9 : 17)

പുതിയ വീഞ്ഞിനെയും, പുതിയ തോൽത്തുരുത്തിയേയും സംരക്ഷിക്കുന്നതിന്റെ ആവശ്യകത ഈ വാക്യത്തിൽ കാണാം. പുതിയ വീഞ്ഞ് പുളിക്കാത്ത മുന്തിരിച്ചാറാണ്. പുതിയ വീഞ്ഞ് സുവിശേഷത്തെ കാണിക്കുന്നു. യേശു ക്രിസ്തുവിന്റെ രക്ഷയുടെ സന്ദേശം പുളിപ്പില്ലാത്തതാണ്. അതാണ് പെന്തക്കോസ്തു നാളിലെ പരിശുദ്ധാത്മ ശക്തി പ്രദാനം ചെയ്തത്. സുവിശേഷം പുളിപ്പുചേരാതെ (ദുരുപദേശം ഇല്ലാതെ) പുതിയ തുരുത്തികളിൽ ശേഖരിക്കുകയാണെങ്കിൽ മാത്രമേ ദീർഘമായി നിലനിൽക്കുകയുള്ളു. യേശുവിന്റെ ശിഷ്യന്മാർ അപ്രകാരമാണ് ശേഖരിച്ചത്. അതിനാൽ എക്കാലവും പരിശുദ്ധാത്മഫലം ഉള്ളവരായി അവർ നിലനിന്നു. അപ്പോസ്തോ (2 : 11-13)

പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നാൽ പഴയ തുരുത്തിയിലെ പുളിപ്പ് ഇതിനെ വേഗം പുളിപ്പിച്ച് തുരുത്തിയെ തന്നെ നശിപ്പിക്കുന്നു. പുതിയ വീഞ്ഞ് നമ്മിലേക്ക് പകരണമെങ്കിൽ നാമും പുതിയ തുരുത്തിയാകണം. എങ്ങനെ? . ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. കൂടുതൽ കൊള്ളുന്ന തുരുത്തികളെയാണ് കർത്താവിന് വേണ്ടിയത്, സമർപ്പിക്കുവാൻ നിങ്ങൾ തയ്യാറാണോ എന്ന അവന്റെ ശബ്ദം ശ്രദ്ധിക്കുക. പ്രതികൂലത്തിൽ കല്പന മറക്കാത്തവരായി ആശ്വസിപ്പിക്കുന്ന സർവ്വ ശക്തന്റെ കരങ്ങളിൽ ഏല്പിക്കാം. അവൻ നമ്മെ അവനായി ഉപയോഗിക്കും, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind